
SCHOOL MAGAZINE

# GVHSS MEENCHANDA



2023-24



# കയ്യൊപ്പ്

# ആശംസ


പ്രിയപ്പെട്ടവരെ,

ഏറെ സന്തോഷത്തോടെയും അഭിമാനത്തോടെയും കൂടിയാണ് ജിവിഎച്ച്എസ്എസ് മീഞ്ചന്തയിൽ നിന്നും ഈ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നത്. വിവരസാങ്കേതിക വിദ്യയുടെ പുരോഗതി ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളുടെ സർഗവാസനയ്ക്ക് പ്രോത്സാഹനം നൽകുന്ന ഇത്തരം സംരംഭങ്ങൾ വളരെയധികം പ്രാധാന്യമുള്ളതാണ്. ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്ന രീതിയിൽ ഇത് പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ അതിനുവേണ്ടിപ്രവർത്തനങ്ങൾ നടത്തിയ അധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. '**കയ്യൊപ്പ്** എന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും...

സ്നേഹാശംസകളോടെ

മോളി ടീച്ചർ

പ്രധാന അധ്യാപിക



# ആമുഖം

വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നത് ഓരോ വിദ്യാർത്ഥിയുടെയും സർവ്വവിധമായ പുരോഗതിയെയാണ്. വിജ്ഞാനത്തോടൊപ്പം വിനോദത്തിനും അവിടെ പ്രാധാന്യമുണ്ട്. ജിവിഎച്ച്എസ്എസ് മീഞ്ചന്തയിൽ നിന്ന് കുട്ടികളുടെ സൃഷ്ടികൾ കയ്യൊപ്പ് എന്ന ഡിജിറ്റൽ മാഗസിനിലൂടെ പുറത്തിറങ്ങുകയാണ്. ഏറെ സന്തോഷത്തോടുകൂടി ഞങ്ങളുടെ ഈ കയ്യൊപ്പ് എല്ലാവർക്കും ആയി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

# ഉള്ളടക്കം


പ്രവർത്തനങ്ങളും മികവുകളും 6

എന്റെ വിദ്യാലയം 9

വർണ്ണക്കൂടാരം 13

ഒ ആർ സി 16

ക്യാമ്പ്

എല്ലാവരും പ്രാർത്ഥിക്കുന്നു... 22

ഡോ.ജോസഫ് മർഫി

കുമാരനാശാൻ 24

സംസ്കാരവും നന്മയും –
•ജീവിത മൂല്യങ്ങൾ 26

നിലാവ് 29

അലക്സാണ്ടർ ഗ്രഹാം ബെൽ 30

പാവങ്ങൾ

ചാൾസ് ബാബേജ് 37

തിരമാല മായ്ച്ച പാടുകൾ 39

# പ്രവർത്തനങ്ങളും മികവുകളും

ജിവിഎച്ച്എസ്എസ് മീഞ്ചന്ത 2023-24 അക്കാദമിക വർഷത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.




പ്രവേശനോത്സവം പിടിഎ അംഗങ്ങൾ, ജനപ്രതിനിധികൾ, അധ്യാപകർ, വിദ്യാർഥികൾ എന്നിവരുടെ പങ്കാളിത്തത്തോടെ ഭംഗിയായി നടന്നു. എൽ പി തലത്തിൽ പഠനോപകരണം നിർമ്മാണ ശില്പശാല നടത്തി.ജൂൺ 19ന് വായനാദിനവും വിദ്യാരംഗം ക്ലബ്ബ് ഉദ്ഘാടനവും ചുമർചിത്ര കലാകാരനായ അധ്യാപകനമായ മലയാള കലാ ഗ്രാമത്തിലെ നിബി നിർവഹിച്ചു.




ജൂൺ 26ന് അന്താരാഷ്ട്ര ലഹരി ദിനം ആചരിച്ചു.എ



ഡിപ്പാർട്ട്മെന്റിലെ സാജൻ പുതിയേടത്ത്



എന്ന സാറിന്റെ നേതൃത്വത്തിൽ ലഹരി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം ജൂലൈ മാസത്തിൽ നിർവഹിച്ചു



. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ദിനാചരണങ്ങൾ വിദ്യാർത്ഥി അധ്യാപക PTA അംഗങ്ങളുടെ പങ്കാളിത്തത്തോടുകൂടി പ്രവർത്തനാധിഷ്ഠിതമായി നടത്തുവാൻ



സാധിച്ചു. ജൂലൈ മുതൽ പത്താംതരം വിജോത്സവം ക്ലാസുകൾ ആരംഭിച്ചു. പത്താംതരം വിദ്യാർഥികൾക്കായി കപ്പാസിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. ക്ലാസുകളും നടന്നു. ORC

ജില്ലാ കോഡിനേറ്റർ അബ്ദുൽ ഗഫൂർ, മുഹമ്മദ് ഫൈസൽ എംപി



എന്നിവർ ക്ലാസുകൾ നൽകി. ഓണാഘോഷത്തോടനുബന്ധിച്ച് ഓണപൂക്കളം, ഓണക്കളികൾ എന്നിവയും പായസവിതരണവും സംഘടിപ്പിച്ചു.



കലാമേള, ശാസ്ത്രമേള, ഐ ടി മേള,പ്രവർത്തിപരിചയ മേള എന്നിവയുടെ പരിശീലനം കുട്ടികൾക്ക് നൽകി. പരിപാടികളിൽ മികച്ച വിജയം കൈവരിക്കാനും സാധിച്ചു.സ്പോർട്സിൽ വിവിധ വിഭാഗങ്ങളിലായി കുട്ടികളുടെ ശ്രദ്ധേയമായ പങ്കാളിത്തം ഉണ്ടാവുകയും മെഡലുകൾ നേടുകയും ചെയ്തു. സ്പോർട്സിൽ ദേശീയതലത്തിൽ കുറെ കുട്ടികൾ പങ്കെടുക്കുകയുണ്ടായി. ജാഗ്രത സമിതിയുടെയും ടീൻസ് ക്ലബ്ബിന്റെയും നേതൃത്വത്തിൽ ക്രിയാത്മക കൗമാരം എന്ന

# എൻെറ വിദ്യാലയം




കോഴിക്കോട് ജില്ലയിലെ കോഴിക്കോട് വിദ്യാഭ്യാസ ജില്ലയിൽ കോഴിക്കോട് സിറ്റി ഉപജില്ലയിലെ വട്ടക്കിണർ ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് ജി വി എച്ച് എസ് എസ്  മീഞ്ചന്ത. 1916 ൽ ഒരു എഴുത്തുപള്ളിയായി സ്ഥാപിച്ച ഈ വിദ്യാലയം ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്

## ചരിത്രം

കോഴിക്കോട് കോർപറേഷനിലെ ഇരുപത്തിയേഴാം ഡിവിഷനിൽ മീഞ്ചന്ത വട്ടക്കിണർ ജംഗ്ഷനടുത്തുള്ള തച്ചമ്പലത്ത് വക പീടിക മുറികളിൽ 1916 ൽ എഴുത്തുപള്ളിയായി ആരംഭിച്ച




ഈ വിദ്യാലയത്തിൽ ”ശിശു ക്ലാസ് ”എന്ന പേരിലുള്ള പരിശീലനമാണ് നൽകിയിരുന്നത് .പട്ടാണി മാസ്റ്റർ ,അപ്പുണ്ണി എഴുത്തച്ഛൻ എന്നിവരായിരുന്നു പ്രഥമ ആശാന്മാർ .പിന്നീട് ഫസ്റ്റ്,സെക്കന്റ് ഫാറങ്ങൾ ആരംഭിച്ച ഈ വിദ്യാലയത്തെ കോഴിക്കോട് മുനിസിപ്പാലിറ്റി ഏറ്റെടുക്കുകയായിരുന്നു.ഇന്ന് ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ മീഞ്ചന്ത എന്ന ഈ സർക്കാർ വിദ്യാലയം 3 ഏക്കറോളം സ്ഥലത്ത് 6 കെട്ടിടങ്ങളായി പരിലസിക്കുന്നു . സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന മാത്തോട്ടം,മില്ലത്ത് കോളനി ,മാറാട് ബീച് ,നടുവട്ടം,ഒളവണ്ണ,നല്ലളം എന്നീ പ്രദേശങ്ങളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നേടുന്നതിനുള്ള ഏക ആശ്രയമാണ്

ഈ സർക്കാർ സ്ഥാപനം.1956 ലാണ് ഇവിടെ യു പി വിഭാഗം തുടങ്ങിയത്.ഈ സമയത്ത് സദാനന്ദൻ ഹെഡ് മാസ്റ്ററും പി വി വിശ്വനാഥമേനോൻ പി ടി എ പ്രസിഡന്റും



ആയിരുന്നു .1977 ലാണ് ഈ വിദ്യാലയം ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടത് .1980 മാർച്ചിൽ ഇവിടുത്തെ ആദ്യ എസ് എസ് എൽ സി ബാച്ച് പുറത്തിറങ്ങി.അപ്പുണ്ണി മാസ്റ്റർ ആയിരുന്നു ഹൈസ്കൂളിലെ ഹെഡ് മാസ്റ്റർ ഇൻചാർജ് .മൊയ്ദീൻ കോയ ആയിരുന്നു പ്രഥമ പി ടി എ പ്രസിഡെന്റ് .തുടർന്ന് 1987 ൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ആയി ഉയർത്തപ്പെട്ട ഈ വിദ്യാലയത്തിൽ സദാ ശിവ ഭട്ട് ,ജോൺ ജെ മറ്റം ,കെ പി ജാനകി ,കൃപാലിനി ,തെയ്യൻ,ആരിഫ മുഹമ്മദ് ,പി പി അന്ന ,എൻ സി അശോകൻ ,സി കൃഷ്ണൻ നമ്പൂതിരി ,മാർത്താണ്ഡൻ തുടങ്ങിയവർ

പ്രിൻസിപ്പൽമാരായും സേവനമനുഷ്ഠിച്ചു .

ഭൗതികസൗകര്യങ്ങൾ

LKG മുതൽ  വരെയുള്ള വിദ്യാർത്ഥികൾക്ക് ഇവിടെ പഠന സൗകര്യം ലഭ്യമാണ്.9 കെട്ടിടങ്ങളിലായി പ്രീ പ്രൈമറി,LP, UP, HS, VHSE വിഭാഗങ്ങളിലുള്ള ക്ലാസുകൾ പ്രവർത്തിക്കുന്നു .നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പഠനത്തിനായി ഹൈടെക് ക്ലാസ് മുറികൾ,വിപുലമായ ലൈബ്രറി-ലാബ് സൗകര്യങ്ങൾ,കുട്ടികളുടെ മാനസിക പിന്തുണയായി കൗൺസിലിംഗ് സൗകര്യം,ഗണിതലാബ്, വിശാലമായ കളിസ്ഥലം,സ്പോർട്സ് അക്കാദമി,കായികമേഖലയിലെ നേട്ടങ്ങൾക്കായി വിവിധ ഇനങ്ങളിൽ പരിശീലനം,പ്രീ പ്രൈമറി സ്കൂൾ സൗകര്യം,ആധുനിക സൗകര്യങ്ങളോടു കൂടിയ ടോയ്‌ലറ്റുകൾ,അവസരസമത്വവും സാമൂഹ്യനീതിയും ഉറപ്പാക്കുന്ന പഠനാന്തരീക്ഷം,സജീവമായ PTA, SMC, MPTA തുടങ്ങിയ സൗകര്യങ്ങൾ ഈ സ്കൂളിൽ തുടർന്നു വരുന്നു.

# വർണ്ണക്കൂടാരം






## മീഞ്ചന്ത സ്ക്കൂളിൽ വർണ്ണ ക്കൂടാരം .....



മീഞ്ചന്ത എച്ച് എസ് എസ് സർവ്വശിക്ഷ പദ്ധതിയിൽ മാതൃക പ്രീ പ്രൈമറി വർ കൂടാരം ബഹുമാനപ്പെട്ട തുറമുഖം മ്യൂസിയം വകുപ്പ് മന്ത്രി ശ്രീ അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്തു. സ്ക്കൂൾ ചിൽഡ്രൻസ്



പാർക്ക് കോഴിക്കോട് കോർപ്പറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി കെനാസർ ഉദ്ഘാടനം ചെയ്തു.



എസ്എസ്എൽസി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് മന്ത്രി അഹമ്മദ് ദേവർകോവിൽ ഉപഹാരങ്ങൾ നൽകി.മീഞ്ചന്ത വാർഡ് കൗൺസിലർ ശ്രീമതി രമ്യ സന്തോഷ് അദ്ധ്യക്ഷയായിരുന്നു.SSK Coordinater A K



അബ്ദുൽ ഹക്കീം starls ( streng thening Teacher Learning And Result For States )പദ്ധതി വിശദീകരിച്ചു.കോഴിക്കോട് കോർപ്പറേഷൻ വാർഡ് കൗൺസിലർമാരായ

ബിജു ലാൽ , ജയശീല, നവാസ് വാടിയിൽ, HM



ശ്രീമതി മോളി പി യു,പി ടി എ പ്രസിഡന്റ് പി ഷാജി, ചെയർമാൻ പിടിഎ വൈസ് പ്രസിഡന്റ് സക്കീർ,എം പി ടി എ പ്രസിഡന്റ് ദീപ, സ്റ്റാഫ് സെക്രട്ടറി പ്രവീൺകുമാർ എന്നിവർ സംസാരിച്ചു. പ്രീ പ്രൈമറി രംഗത്ത് അന്താരാഷ്ട്ര മികവുള്ള പഠനസൗകര്യം ഒരുക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് വർണ്ണ കൂടാരം.

സമഗ്രശിക്ഷ കേരള സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രോജക്ടിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി പി ശിവൻകുട്ടിയാണ്. 2022 – 2023 അദ്ധ്യയന വർഷം 44 കോടി രൂപ ചിലവഴിച്ച് 440 പ്രീ പ്രൈമറി സ്കൂളുകളിലാണ് വർണ്ണ കൂടാരം ഒരുക്കുന്നത്.

പദ്ധതിയിൽ ആദ്യഘട്ടത്തിൽ

# ഒ ആർ സി ക്യാമ്പ്



വിദ്യാർത്ഥികൾക്കായി വനിതാ ശിശു വികസന വകുപ്പും വിദ്യാഭ്യാസ വകുപ്പും അധ്യാപക രക്ഷകർതൃ സമൂഹവും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയായ ഒ ആർ സി സ്മാർട്ട്സ് ക്യാമ്പ് നവംബർ 28 29 30 തീയതികളിലായി ജി വി എച്ച് എസ് എസ് മീഞ്ചന്തയ വച്ച് നടന്നു. ക്യാമ്പിന്റെ



ിൽ

ഉദ്ഘാടനം 28ന് രാവിലെ 10 മണിക്ക് വാർഡ് കൗൺസിലർ ശ്രീമതി രമ്യ സന്തോഷ് നിർവഹിച്ചു.




ചടങ്ങിൽ ഹെഡ്മിസ്ട്രസ് മോളി ടീച്ചർ സ്വാഗതം ആശംസിച്ചു. പിടിഎ പ്രസിഡന്റ് ശ്രീ ഷാജി അധ്യക്ഷൻ ആയിരുന്നു സ്റ്റാഫ് സെക്രട്ടറി ശ്രീ ടി കെ പ്രവീൺ എം പി ടി എ പ്രസിഡന്റ് ശ്രീമതി ദീപ എസ് എം സി ചെയർമാൻ ഉധീഷ് കുമാർ പിടിഎ സെക്യൂട്ടീവ് അംഗം ശ്രീമതി സഫീല ജാഗ്രത സമിതി കൺവീനർ ശ്രീമതി സിന്ധു പി കെ പി സ്കൂൾ കൗൺസിലർ ശ്രീമതി സുധിന സന്തുഷ്
ഓസി സൈക്കോളജിസ്റ്റ് അതുല്യ എന്നിവർ

ആശംസകൾ അറിയിച്ചു ഒ ആർ സി മോഡൽ

ടീച്ചർ ഡോക്ടർ വീണാലക്ഷ്മി വി നന്ദിയും അറിയിച്ചു.8 9 ക്ലാസുകളിലെ 40 ഓളം കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്.

മ



ജീദ് സെൽവ തുടങ്ങിയ ആർ പി മാർ ക്ലാസ്സുകൾ നയിച്ചു. ജീവിത നൈന്യപു ണ്യവുമായി ബന്ധപ്പെട്ട ക്ലാസുകൾ ആണ് ക്യാമ്പിൽ കൂട്ടതൽ

ഉ ൾപ്പെടുത്തിയിരുന്നത് വിവിധങ്ങളായ കളികളിലൂടെ ജീവിതത്തെ അഭിമുഖീകരിക്കാൻ വേണ്ടി വിവിധങ്ങളായ കഴിവുകളെ

വിദ്യാർഥികളിലേക്ക് എത്തിക്കാൻ കഴിഞ്ഞു.
ആദ്യ ദിവസത്തിൽ സ്വയബോധവും

ആശയവിനിമയം, പ്രാധാന്യവും കുട്ടികൾക്ക്



പകർന്നു നൽകി. സിൽവ, റഷ്‌ത എന്നിവർ ക്ലാസ് നയിച്ചു.
രണ്ടാം ദിവസത്തിൽ തീരുമാനമെടുക്കലിന്റെ പ്രാധാന്യം മനസ്സിലാക്കാനും വൈകാരികവുമായ പ്രശ്നങ്ങളോട് പൊരുത്തപ്പെടേണ്ടതിന്റെ ആവശ്യകത, പ്രശ്നപരിഹാരം എന്നീ ജീവിതനിപുണതകളാണ് കുട്ടികൾക്ക് വിവിധതരം ആക്ടിവിറ്റി കളികളിലൂടെ പരിചയപ്പെടുത്തിയത് മജീദ് സിൽവ എന്നിവർ നയിച്ച ക്ലാസ് ഏറെ ഹൃദ്യമായി
യുക്തിയുദ്ധമായ ചിന്തകളെയും,
ക്രിയാത്മക ചിന്തകളെയും
പ്രാധാന്യത്തെക്കുറിച്ചും, വ്യക്തിബന്ധങ്ങളുടെ

പ്രാധാന്യത്തെക്കുറിച്ചും,
തൻമയിഭാവത്തെക്കുറിച്ചും ആർപിമാർ

ക്ലാസുകൾ നയിച്ചു.




ജീവിതവിജയ
ത്തിനു
ഉദിക്കുന്ന
രീതിയിൽ
ജീവിതത്തെ
സമീപിക്കാൻ
കുട്ടികളെ
പ്രാപ്തരാക്കുന്ന രീതിയിൽ ക്ലാസുകൾ
നയിക്കാൻ 3 ആർപി മാർക്കും കഴിഞ്ഞു.
മധുരം നൽകി പിരിഞ്ഞു _
ഓ ആർ സി നോഡൽ ടീച്ചർ ഡോക്ടർ
വീണാലക്ഷ്മി.വിദ്യാർത്ഥികൾക്കായി വനിതാ
ശിശു വികസന വകുപ്പും വിദ്യാഭ്യാസ വകുപ്പും
അധ്യാപക രക്ഷകർതൃ സമൂഹവും ചേർന്ന്
നടപ്പിലാക്കുന്ന പദ്ധതിയായ ഒ ആർ സി
സ്മാർട്ട്സ് ക്യാമ്പ് നവംബർ 28 29 30
തീയതികളിലായി ജി വി എച്ച് എസ് എസ്
മീഞ്ചന്തയിൽ വച്ച് നടന്നു.

ക്യാമ്പിന്റെ ഉദ്ഘാടനം 28ന് രാവിലെ 10 മണിക്ക് വാർഡ് കൗൺസിലർ ശ്രീമതി രമ്യ സന്തോഷ് നിർവഹിച്ചു.

ചടങ്ങിൽ D HM ജൂലി ടീച്ചർ സ്വാഗതം ആശംസിച്ചു. പിടിഎ പ്രസിഡന്റ് ശ്രീ ഷാജി അധ്യക്ഷൻ ആയിരുന്നു. സ്റ്റാഫ് സെക്രട്ടറി ശ്രീ ടി കെ പ്രവീൺ, എം പി ടി എ പ്രസിഡന്റ് ശ്രീമതി ദീപ, എസ് എം സി ചെയർമാൻ ഉധീഷ് കുമാർ, പിടിഎ എക്സിക്യൂട്ടീവ് അംഗം ശ്രീമതി സഫീല, ജാഗ്രത സമിതി കൺവീനർ ശ്രീമതി സിന്ധു കെ പി, സ്കൂൾ കൗൺസിലർ ശ്രീമതി സുധിന സന്തോഷ്, ORCസൈക്കോളജിസ്റ്റ് അതുല്യ എന്നിവർ ആശംസകൾ അറിയിച്ചു. ഒ ആർ സി നോഡൽ ടീച്ചർ ഡോക്ടർ വീണാലക്ഷ്മി വി നന്ദിയും അറിയിച്ചു.

# എല്ലാവരും പ്രാർത്ഥിക്കുന്നു...

## ഡോ.ജോസഫ് മർഫി



നിങ്ങൾക്ക് ഫലപ്രദമായി പ്രാർത്ഥിക്കാൻ അറിയാമോ? നിത്യജീവിതത്തിലെ തിരക്കിനിടയിൽ എപ്പോഴാണ് പ്രാർത്ഥിക്കുക? ഭയത്തിന്റെയും കഷ്ടപ്പാടിന്റെയും അത്യാവശ്യഘട്ടങ്ങളിൽ രോഗം അല്ലെങ്കിൽ മരണം അത്യാസന്നമാണെന്ന് വിചാരിച്ച് വരുമ്പോൾ പ്രാർത്ഥിക്കുന്നു.

ദിവസേനയുള്ള വാർത്തകൾ ശ്രദ്ധിക്കൂ... ഭേദമാകാത്ത രോഗത്താൽ കഷ്ടപ്പെടുന്ന കുഞ്ഞിന്റെ രക്ഷക്കായി രാജ്യത്തെ ജനങ്ങൾ ഒന്നിച്ചു പ്രാർത്ഥിക്കുന്നു.യുദ്ധമുണ്ടാകുമ്പോൾ രാജ്യങ്ങൾ തമ്മിൽ സമാധാനത്തിൽ കഴിയാനായി നാം പ്രാർത്ഥിക്കുന്നു.അല്ലെങ്കിൽ ഖനിയിൽ കുടുങ്ങിപ്പോയവരുടെ രക്ഷക്കായി

എല്ലാവരും പ്രാർത്ഥക്കുന്നു.പിന്നീട് നമ്മൾ
അവരെ രക്ഷിക്കുന്നു.അപ്പോൾ അവർ
രക്ഷക്കായി പ്രാർത്ഥിക്കുകയായിരുന്നു എന്ന്
നമ്മളോട് പറയുന്നു.
ഒരു പൈലറ്റ് പറയുകയുണ്ടായി;
അപകടസമയത്ത് സുരക്ഷിതമായി
വിമാനമിറക്കാൻ അയാൾ പ്രാർത്ഥിച്ചുവത്രേ..
തീർച്ചയായും കഷ്ടപ്പാടുകൾ നിറഞ്ഞ സമയത്ത്
പ്രാർത്ഥന സഹായമായി നമ്മുടെ കൂടെ
ഉണ്ടാവും.!!

നിങ്ങൾക്ക് പ്രാർത്ഥിക്കാൻ കഷ്ടപ്പാടിനെ
കാത്തിരുന്ന് ബുദ്ധിമുട്ടണമെന്നുണ്ടോ..?
പ്രാർത്ഥന നിങ്ങളുടെ ജീവിതത്തിലെ
അവിഭാജ്യഘടകവും സൃഷ്ടിപരമായ ഭാഗവും
ആകുന്നു..
ഒരാളോട് എങ്ങനെ പ്രാർത്ഥിക്കണം എന്ന്
പറയുന്നതാണ് പ്രശ്നം.കഷ്ടപ്പാടിലൂടെ
കടന്നുപോകുന്നവർക്ക് യുക്തിപരമായി
ചിന്തിക്കാനും പ്രവർത്തിക്കാനും ബുദ്ധിമുട്ട്
അനുഭവപ്പെടും.അവർക്ക് പിൻതുടരാൻ
സ്വാഭാവികവും ആയാസരഹിതവുമായ
പ്രയോഗരീതികൾ
ആവശ്യമാണ്.ചിലപ്പോഴെങ്കിലും
അതൊരടിയന്തിരഘട്ടമായി തീരാറുണ്ട്.!

# കുമാരനാശാൻ

1873ന് ഏപ്റീൽ 12ന് ചിറയിൻ കീഴ് താലൂക്കിൽ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ കായിക്കര ഗ്രാമത്തിലെ തൊമ്മൻ വിളാകം വീട്ടിലാണ് കുമാരു (കുമാരനാശാൻ) ജനിച്ചത്. അച്ഛൻ നാരായണൻ പെരുങ്ങാടി, മലയാളത്തിലും തമിഴിലും നിപുണനായിരുന്നു. അദ്ദേഹം ഈഴവസമുദായത്തിലെ ഒരു പ്രമുഖനായിരുന്നു. അമ്മ കാളിയമ്മ, ഈശ്വര ഭക്തിയായൊരു കുടുമ്പിനിയായിരുന്നു. ഒമ്പതു മക്കളുള്ള കുടുമ്പത്തിലെ രണ്ടാമത്തെ മകനായിരുന്നു കുമാരൻ.

ശ്രീനാരായണഗുരു അദ്ദേഹത്തിനെ ഉപരിപഠനത്തിനയക്കാൻ തീരുമാനിച്ചു. അതിനായി ബംഗളൂരുവിൽ ജോലിനോക്കിനടക്കുന്ന ഡോ.പല്പുവിനെ ചുമതലപ്പെടുത്തി. ഇരുപത്തിനാലാമത്തെ വയസ്സിൽ ഉന്നത വിദ്യാഭ്യാസത്തിനായി, കുമാരനാശാൻ ബംഗളൂരുവിലേക്ക് പോയി. ഡോ.പല്പുവിന്റെ കുടുംബാന്തരീക്ഷവും, ബംഗളൂരുവിലെ ജീവിതവും ആശാന്റെ ജീവിതത്തെ കൂടുതൽ പ്രോജ്ജ്വലമാക്കിത്തീർക്കുന്നതിൽ വലിയ പങ്കു വഹിച്ചു.അക്കാലത്ത് ഡോ.പല്പു കുമാരനാശാന് ഒരു പേരു നൽകി 'ചിന്നസ്വാമി '.മൂന്നു വർഷത്തോളം അദ്ദേഹം ബംഗളൂരുവിൽ

പഠിച്ചു.
1907ഡിസംബറിലാണ് കുമാരനാശാൻ പ്രശസ്തമായ ഖണ്ഡകാവ്യമായ വീണപൂവ് മിത്രവാദി പത്രത്തിൽ പ്രസിദ്ധീകരിച്ചത്. മലയാളകാവ്യാന്തരീക്ഷത്തിൽ തികച്ചും നൂതനമായൊരു അനുഭവമായിരുന്നു വീണപൂവ്.
വിഷൂചിക പിടിപെട്ട്, ആലുവയിലെ വീട്ടിൽ കിടപ്പിലായിരുന്ന ശ്രീനാരായണഗുരുവിന്റെ അവസ്ഥയിൽ നിന്നാണ് വീണപൂവിന്റെ ആദ്യവരികൾ രൂപം കൊണ്ടത് എന്ന് കരുതപ്പെടുന്നു. വീണപൂവിനെ തുടർന്നു രചിച്ച തീയക്കുട്ടിയുടെ വിചാരം അദ്ദേഹത്തിന്റെ സാമൂഹികാവബോധത്തിന്റെ പ്രതിഫലനമായിരുന്നു. തുടർന്ന് നളിനി , ലീല , ചണ്ഡാലഭിക്ഷുകി , ദുരവസ്ഥ , പ്രരോദനം തുടങ്ങി നിരവധി ലേഘനങ്ങൾ രചിച്ചിട്ടുണ്ട്.
മലയാളലോകത്തു നിറസാന്നിധ്യമായി നിറഞ്ഞു നിൽക്കുന്ന കാലത്താണ് 1924 ജനുവരി 16ന് വെളുപ്പിന് മൂന്നുമണിക്ക് പലനയാറ്റിൽ ട്രാവൻകൂർ ആന്റ് കോച്ചിൻ മോട്ടോർ സർവ്വീസ് വക റെഡിമെർ എന്ന് പേരുള്ള ഒരു ബോട്ട് മറിഞ്ഞുണ്ടായ അപകടത്തിൽ കുമാരനാശാൻ അന്തരിച്ചത്. അപ്പോൾ അദ്ദേഹത്തിന് 51 വയസ്സായിരുന്നു.

(നജീബ)
10 F

# സംസ്കാരവും നന്മയും – .ജീവിത മൂല്യങ്ങൾ

ഇന്നത്തെ സമൂഹത്തിലെ പുതുതലമുറ എല്ലാം മറന്നു കൊണ്ടിരിക്കുകയാണ്. നമ്മുടെ



സംസ്കാരത്തിന് വിള്ളൽ വീണിരിക്കുന്നു വീടിൻറെ നാല് ചുമരുകൾക്കുള്ളിൽ പെട്ട ഇന്നത്തെ തലമുറ പ്രകൃതിയും മണ്ണും അറിയാതെ വളരുകയാണ് ക്രോധം ദേഷ്യം എന്നിവ ഇവർക്ക് കൂടുതലാണ്. പരസ്പരം സംസാരിക്കാൻ പോലും സമയമില്ലാത്ത അവർ ആധുനിക ലോകത്തിൻറെ പുതിയ കണ്ടുപിടുത്തങ്ങൾ കാരണം തിരക്കിലാണ്. പണ്ടുകാലങ്ങളിൽ കുട്ടികൾ മണ്ണും പ്രകൃതിയും അറിഞ്ഞു വളർന്നു എന്നാൽ ഇന്ന് എല്ലാം വിപരീതമാണ്, നമ്മുടെ സംസ്കാരത്തിന് ചേർന്ന രീതിയിൽ ജീവിക്കാൻ ഇന്ന് ആരും തയ്യാറാവുന്നില്ല. മറ്റുള്ളവരെ സഹായിക്കാൻ

പോലും ഉള്ള മനസ്സ് ഇന്ന് ആർക്കുമില്ല, എല്ലാവരും തിരക്കുപിടിച്ച ജീവിതം നയിക്കുകയാണ് അതിനിടയിൽ സ്വന്തബന്ധങ്ങളെ പോലും മറന്നു പോകുന്നു. വൃദ്ധസദനങ്ങളുടെയും ഡേ കേറുകളുടെയും എണ്ണം വർധിക്കുന്നു. ഇന്നത്തെ സമൂഹത്തിൽ അമ്മയും മക്കളും ഒക്കെ ഭാരമായി തോന്നും, അതാണ് ഈ ആധുനിക ജീവിതം നമ്മെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നത് അമ്മയെ വൃദ്ധസദനങ്ങളിൽ മക്കളെ ഡേ കെയറുകളിലും ആക്കി അവർ അവരുടെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞു മാറുകയാണ്. ആധുനിക ലോകത്തിൻറെ സംഭാവനയായി ഫോൺ വന്നതോടെ സാമൂഹിക പ്രശ്നങ്ങളും കൂടി, എല്ലാർക്കും ആ യന്ത്രം കയ്യിൽ പിടിച്ച് നടക്കുന്നതിനിടയിൽ മനുഷ്യരുടെ മുഖത്തേക്ക് പോലും നോക്കാൻ മറന്നു പോകുന്നു. പുതുതലമുറകൾ അടിമകളായി. ആ യന്ത്രം നേർവഴിക്ക് ഉപയോഗിക്കാൻ ആരും ശ്രമിക്കുന്നില്ല. മനുഷ്യൻ മനുഷ്യനെ തന്നെ മറന്നു കൊണ്ടിരിക്കുന്ന ഈ കാലത്ത് സ്നേഹവും കരുതലും ഒക്കെ കാണാൻ പോലും കഴിയാത്ത അവസ്ഥയാണ്.

എല്ലാം തിരക്കുകൾ മാറ്റിവെച്ച് കുടുംബത്തിൻറെ

കൂടെ അല്പനേരം ചിലവഴിച്ചാൽ തന്നെ നമ്മുടെ പ്രശ്നങ്ങൾ തീരും. പ്രശ്നങ്ങൾ നമ്മളെയല്ല, നമ്മൾ പ്രശ്നങ്ങളെയാണ് തേടി പോകുന്നത്. നാം തന്നെയാണ് നമ്മുടെ പ്രശ്നങ്ങൾക്ക് കാരണം. ഫോൺ എന്ന് യന്ത്രത്തിന് മനുഷ്യനിൽ ഇത്രയും മാറ്റങ്ങൾ വരുത്താൻ കഴിയുമെങ്കിൽ ആധുനിക ലോകത്തിൻറെ ഈ പോക്ക് ഊഹിക്കുന്നതിനും അപ്പുറമാണ്. അമ്മ എന്ന് പറയുന്നത് ദൈവത്തിനു തുല്യമായിരുന്നു, എന്നാൽ ഇന്ന് അവൾ മക്കൾക്ക് ഭാരമായി തോന്നും. പുതുതലമുറ ഇങ്ങനെ പോയാൽ എന്താകുമെന്ന് പ്രവചനാതീതമാണ്. മറ്റുള്ളവരെ ആപത്തു കാലത്ത് സഹായിക്കുന്നവരാണ് യഥാർത്ഥ മനുഷ്യൻ. മനുഷ്യൻ മനുഷ്യൻറെ ധർമ്മങ്ങൾ മറന്നു കൊണ്ടിരിക്കുകയാണ്. അവരുടെ ജീവിതശൈലിയാണ് അവിടെയും മാറ്റത്തിന് കാരണം.

എല്ലാവരും പഴയതുപോലെ ആകുമെന്നോ, നമ്മുടെ സംസ്കാരങ്ങൾ ഒക്കെ തിരിച്ചു വരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നില്ല. പക്ഷേ ഇനിയും തലമുറയെങ്കിലും തെറ്റായി വളരാതെ നന്മയുടെ പ്രതീകങ്ങളായി മാറട്ടെ എന്ന ശുഭാപ്തിവിശ്വാസം എന്നിൽ എപ്പോഴും ഉണ്ടാവും.

# നിലാവ്

(നരു ചിരി)


നറു ചിരി വിതറാൻ
ചിരിയോളി പകരാൻ
വിരുന്നെത്തിയിന്നും
വിണ്ണിൽ നിന്നീ വെണ്ണിലാവ്
ഇരവിന്നിരുളിൽ
വഴിയേതെന്നറിയാതുഴലും
തേരത്തെൻ ചാരത്തായണയും
സഖിയേ...സഖിയേ
മണ്ണിന്നിരുളുകലാൻ, കണ്ണിൽ
കാഴ്ചകൾ തെളിയാൻ
കനവിൽ നിറയും നിനവിൽ
കുളിരും കൂട്ടായണയും
നിലാ തൂവലഴകെ
നിറ നിലാ കുടമുവായെന്നമെൻ
അറികിലണയുമോ സഖിയേ

( മിൻഹ റഹ്മാൻ)

10f

# അലക്സാണ്ടർ ഗ്രഹാം ബെൽ

ടെലിഫോണിന്റെ ഉപജ്ഞാതാവായി പരക്കെ കാണപ്പെടുന്ന ശാസ്ത്രജ്ഞനാണ് അലക്സാണ്ടർ ഗ്രഹാം ബെൽ. സ്കോട്ട്ലാന്റിലെ എഡിൻബറോയിൽ 1847 മാർച്ച് 3-നാണ് ഇദ്ദേഹം ജനിച്ചത്.



അദ്ദേഹത്തിന്റെ അച്ഛൻ 'അലക്സാണ്ടർ മേലവിൽ ബെല്ലും' അമ്മ 'എലിസ ഗ്രെയ്സും' ആയിരുന്നു. അദേഹത്തിന് രണ്ടു സഹോദരന്മാരുണ്ടായിരുന്നു: 'മെലവിൽ ജെയിംസ് ബെല്ലും' 'എഡ്വാർഡ് ചാൾസ് ബെല്ലും’. 'മാബൽ ഹബ്ബാർഡ്'ആണ് ജീവിത പങ്കാളി. ജനിച്ചപ്പോൾ അദ്ദേഹത്തിന്റെ പേര് 'അലക്സാണ്ടർ'എന്നായിരുന്നു. അദ്ദേഹത്തിന്റെ

പതിനൊന്നാമത്തെ പിറന്നാളിന് അദ്ദേഹത്തിന്റെ അച്ഛൻ ഗ്രഹാം എന്ന മിഡിൽ നെയിം കൊടുത്തു.
യൂണിവേഴ്സിറ്റി ഓഫ് എഡിൻബർഗ്, യൂണിവേഴ്സിറ്റി കോളേജ് ഓഫ് ലണ്ടനിലുമായി വിദ്യാഭ്യാസം പൂർത്തീകരിച്ചു.ചെറു പ്രായത്തിൽ തന്നെ ബെല്ലിനു ലോകത്തോട് ഒരു കൗതുകം ഉണ്ടായിരുന്നു അതുകൊണ്ടു തന്നെ പരീക്ഷണങ്ങളൊക്കെ ചെയ്യുമായിരുന്നു. ബെല്ലിന്റെ അമ്മയ്ക്ക് അദ്ദേഹത്തിന് 12 വയസ്സായപ്പോൾ മുതൽ കേൾവിശക്തി കുറഞ്ഞു തുടങ്ങിയിരുന്നു. അമ്മയുടെ കേൾവിക്കുറവിനോടുള്ള വ്യഗ്രതയാണ് അദ്ദേഹത്തെ ശബ്ദക്രമീകരണശാസ്ത്രം പഠിക്കാൻ പ്രേരിപ്പിച്ചത്. കേൾവി-സംസാര ശക്തികളേക്കുറിച്ചുള്ള പഠനങ്ങൾ ടെലിഫോണിന്റെ കണ്ടുപിടിത്തത്തിലേക്കാണ് ബെല്ലിനെ നയിച്ചത്. 1876-ൽ ഇദ്ദേഹം ടെലിഫോണിന്റെ യു.എസ് പേറ്റന്റ് നേടി.

1922 ആഗസ്റ്റ് 2-ന്, 75-ആം വയസ്സിൽ കാനഡയിലെ നോവ സ്കോട്ടിയയിൽ വെച്ച് ഗ്രഹാം ബെല്ല് അന്തരിച്ചു.


**നിരഞ്ജന എൻ ആർ**
**X A**

# പാവങ്ങൾ

ലോക പ്രശസ്ത എഴുത്തുകാരനായ വിക്ടർ ഹ്യൂഗോ എഴുതിയ കൃതിയാണ് 'ലാ മിറാബലെ'. 1925 നാലപ്പാട്ട് നാരായണ മേനോൻ ഈ കൃതി 'പാവങ്ങൾ' എന്ന പേരിൽ മൂന്ന് വാല്യങ്ങളായി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. കൂടുതൽ പാശ്ചാത്യ കൃതികൾ മലയാള ഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ ഈ പരിഭാഷ പ്രേരകമായി. പാവങ്ങൾ എന്ന പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ സമൂഹത്തിലെ പാവങ്ങളുടെ ജീവിതമാണ് അദ്ദേഹമിവിടെ തുറന്നുകാട്ടുന്നത്. ജീൻവാൽജീൻ എന്ന ദരിദ്രനായ മരംവെട്ടുകാരന്റെ ജീവിതമാണ് അദ്ദേഹമിവിടെ വിവരിക്കുന്നത്. ദാരിദ്ര്യം ഏതെല്ലാം രീതിയിൽ ഒരു മനുഷ്യനെ അലട്ടുന്നുവെന്ന് ഈ കൃതിയിലൂടെ നമുക്ക് മനസ്സിലാക്കാം.
മിറിയേൽ എന്ന ബിഷപ്പിലൂടെ ആരംഭിക്കുന്ന

കഥ ഒരു ബിഷപ്പ് എങ്ങനെയായിരിക്കണം എന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ചുതരുന്നു. വിശപ്പിൽ നിന്നും അവഗണനയിൽ നിന്നുമാണ് ജീൻവാൽജീൻ വരുന്നത്. സഹോദരിയുടെ വിശന്നുപൊരിയുന്ന മക്കൾക്ക് കൊടുക്കാൻ ഒരു റൊട്ടികഷ്ണം മോഷ്ടിക്കേണ്ടിവരുകയും അതിന്റെ പേരിൽ നിരവധി വർഷം ജയിലിൽ കഴിച്ചുകൂട്ടുകയുമാണ് ജീൻവാൽജീൻ. ശിക്ഷയുടെ കാലാവധി കഴിഞ്ഞു പുറത്തുവരുന്ന ജീൻവാൽജീന് അന്തിയുറങ്ങാൻ ഒരിടത്തിനായി, ഒരു നേരത്തെ ഭക്ഷണത്തിനായി അലയേണ്ട സാഹചര്യം വരുന്നു. എല്ലാവരാലും ഉപേക്ഷിക്കപ്പെടുകയും തികച്ചും ഒറ്റപ്പെടുകയുമായ ഒരാളോട് സമൂഹം കാണിക്കുന്ന ക്രൂരതയും അനീതിയും ഇതിലൂടെ നമുക്ക് വ്യക്തമാകുന്നു. ജയിൽ ശിക്ഷ അനുഭവിച്ചതിന്റെ പേരിൽ സമൂഹം അയാളെ ഒറ്റപ്പെടുത്തുകയാണ്. അവസാനത്തെ ആശ്രയമായി ജീൻവാൽജീൻ കടന്നു ചെല്ലുന്നത് ബിഷപ്പ് മിറിയേലിന്റെ ആശ്രമത്തിലേക്കാണ്. രണ്ടു


കയ്യും നീട്ടിയുള്ള ബിഷപ്പിന്റെ സ്വീകരണം ജീനിന്റെ അവസാനത്തെ കച്ചിതുരുമ്പായിരുന്നു. ബിഷപ്പിന്റെ ഭവനത്തിൽ നിന്ന് രാത്രിയോടുകൂടി വെള്ളി കരണ്ടിയും പാത്രങ്ങളും മോഷ്ടിച്ച് രക്ഷപ്പെടുകയാണ് ജീൻവാൽജീൻ. പക്ഷെ പോലീസിന്റെ പിടിയിലാകുന്നു. തൊണ്ടിമുതലുമായി പോലീസുകാർ ജീനിനെ ബിഷപ്പിന്റെ ഭവനത്തിലെത്തിക്കുന്നു. ജീൻവാൽജീനുമായി എത്തുന്ന



പോലീസുകാരോട് പാത്രങ്ങൾ മാത്രമല്ല ഈ വിളക്കുകാലുകളും ഞാൻ ജീനിന് കൊടുത്തതാണെന്ന ബിഷപ്പിന്റെ മറുപടിയോടെ പോലീസുകാർ വിട്ടയക്കുന്ന ജീൻവാൽജീന് പശ്ചാതാപം തോന്നുന്നു. മോഷ്ടിച്ചതാണെന്നറിഞ്ഞിട്ടും പോലീസുകാർക്ക് തന്നെ വിട്ടുകൊടുക്കാത്ത ബിഷപ്പിന്റെ പ്രവർത്തി പത്തൊൻപതു വർഷം ജയിലിൽ വസിച്ചിട്ടും മാറാത്ത ജീൻവാൽജീന്റെ മനസ്സ് മാറ്റുന്നു. ഇരുട്ടുമൂടിക്കിടന്ന ജീനിന്റെ ജീവിതത്തിലേക്ക് വരുന്ന നന്മയുടെ വെളിച്ചമായി ബിഷപ്പ് മാറി. സമൂഹം കുറ്റവാളിയെന്ന് മുദ്രകുത്തി ഒറ്റപ്പെടുത്തിയിട്ടും അവരെ നല്ലപാതയിലേക്ക് നയിക്കുന്ന ബിഷപ്പിനെ പോലുള്ള മനുഷ്യ സ്നേഹികൾ നമ്മുടെ സമൂഹത്തിലും ആവശ്യമാണ്.

വായനക്കാരുടെ മനസ്സിനെ ഏറെ ആകർഷിക്കുകയും നൊമ്പരപ്പെടുത്തുകയും ചെയ്യുന്ന വിധത്തിലുള്ളതാണ് ഈ നോവലിന്റെ രചന. ഈ കൃതി എല്ലാ കാലത്തും പ്രസക്തിയുള്ളതാണ്. ഭൂമിയിൽ ദാരിദ്ര്യവും

അസമത്വവും ഉള്ള കാലത്തോളം ഈ കൃതിയും കഥാപാത്രങ്ങളും  നിലനിൽക്കും. മനുഷ്യ സമൂഹത്തിനെ നേർവഴിക്ക് നയിക്കാനും





മനുഷ്യ മനസ്സിനെ ശുദ്ധീകരിക്കാനും ഇത്തരംകൃതികൾ പ്രയോജനപ്പെടും.

**നിരഞ്ജന എൻ ആർ**
**X A**

# ചാൾസ് ബാബേജ്

ഒരു ഇംഗ്ലീഷ് പോളിമാത്ത് ആയിരുന്നു ചാൾസ് ബാബേജ് കെഎച്ച് എഫ്ആർഎസ് ( 26 ഡിസംബർ 1791 - 18 ഒക്ടോബർ 1871).ബ്രിട്ടീഷുകാരനായ ഒരു ഗണിത ശാസ്ത്രജ്ഞനും കമ്പ്യൂട്ടർ ശാസ്ത്രജ്ഞനും ചിന്തകനുമായിരുന്ന ബാബേജാണ്, ഡിജിറ്റൽ പ്രോഗ്രാമബിൾ കമ്പ്യൂട്ടർ എന്ന ആശയം കൊണ്ടുവന്നത്.

ബാബേജിനെ ചിലർ ”കമ്പ്യൂട്ടറിന്റെ പിതാവായി”കണക്കാക്കുന്നു. ആദ്യത്തെ മെക്കാനിക്കൽ കമ്പ്യൂട്ടർ ഡിഫറൻസ് എഞ്ചിൻ കണ്ടുപിടിച്ചതിന്റെ ബഹുമതി ബാബേജിനുണ്ട്, ഇത് ഒടുവിൽ കൂടുതൽ സങ്കീർണ്ണമായ ഇലക്ട്രോണിക് ഡിസൈനുകളിലേക്ക് നയിച്ചു, എന്നിരുന്നാലും ആധുനിക



കമ്പ്യൂട്ടറുകളുടെ എല്ലാ ആശയങ്ങളും ബാബേജിന്റെ അനലറ്റിക് എൻജിൻ ഉണ്ട്.മറ്റ് മേഖലകളിലെ അദ്ദേഹത്തിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ അദ്ദേഹത്തെ നൂറ്റാണ്ടിലെ പല പോളിമാത്തുകളിലും "മുൻനിരയിലുള്ള ആൾ" എന്ന് വിശേഷിപ്പിക്കപ്പെട്ടു.

ബാബേജ് മരണപെടുന്നതിന് മുമ്പ് ഡിഫാൻ എഞ്ചിൻ അനലറ്റികൽ എഞ്ചിൻ എന്നിവയുൾപ്പെടുന്ന നിരവധി ഡിസൈനകളുടെ വിജയകരമായ എഞ്ചിനീയറംങിന് കബ്യൂട്ടിംങിന്ടെ ആശയങ്ങൾ നൽകുന്ന ഒരു പ്രധാന വ്യക്തിയായി അദ്ദേഹം മാറി. ബാബേജിന്ടെ അപൂർണമായ സംവിധാനങ്ങളുടെ ഭാഗങ്ങൾ ലണ്ടനിലെ സയൻസ് മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്

ആയിശ വാക്കിയ കെ പി

X A

# തിരമാല മായ്ച്ച പാടുകൾ

ഒരു ഞായറാഴ്ച ദിവസം ഉള്ളിന് ഒരു പലക എടുത്താൽ വീഴാൻ കാത്തിരിക്കുന്ന ഒരു ചെറ്റകുടിൽ.

അവിടെ താമസിക്കുന്ന ഭവാനിയമ്മക്ക് നേരം പുലരുന്നതുമുതൽ അന്തി ആവുന്നവരെ വിങ്ങലും നീറ്റലും ആണ്. തന്റെ കുട്ടികളെ ഒരു ദിവസമെങ്കിലും ആദിയില്ലാതെ സമാധാനത്തോടെ നോക്കണം അതാണ് അമ്മയുടെ സ്വപ്നം. മക്കൾ രണ്ടാണ് മൂത്തത് രാഹുൽ ഇളയത് റാണി റാണിയുടെ രണ്ടാം വയസ്സിൽ മണ്ണടിഞ്ഞതാ അച്ഛൻ ബാലൻ ഇതെല്ലാം ആലോചിച്ചും ഭവാനിയുടെ കണ്ണുകൾ



പതിയെ പതിയെ നിറയാൻ തുടങ്ങി. ഭവാനി കുടിലിന്റെ ഉമ്മറത്ത് ഇരുന്നു തേങ്ങുന്നത് കണ്ടുകൊണ്ട് അതാ വരുന്നു കുറി പൈസ

വാങ്ങാൻ, ചേച്ചിയെ  ഇന്നലെ?  സരോജിനി ചോദിച്ച ഇല്ലെടി  എടുക്കാം ഭവാനിയമ്മയും പറഞ്ഞു ഭവാനിയുടെ കണ്ണുകൾ ശ്രദ്ധയിൽപ്പെട്ട സരോജിനി ചോദിച്ച എന്തോ കണ്ണൊക്കെ നിറഞ്ഞല്ലോ" ഒന്നുമില്ല അത് ഞാൻ ഓരോന്ന് ചിന്തിച്ച് ഇരുന്നതാ.

എന്താ പറയാ നമ്മൾ വിചാരിക്കുന്ന പോലെ ഒന്നല്ലല്ലോ കാര്യങ്ങളെ പോക്ക്"

"അതെന്നെ" മോൻ എവിടെ രാഹുൽ സരോജിനി ചോദിച്ച. ഓൻ അതാ പീഡിയയിലേക്ക് പോയിക്കിണിപ്പോൾ വരും. എന്തേ? ഭവാനി.

എല്ലാ കാണാത്തതുകൊണ്ട് ചോദിച്ചതാ.

എന്നാൽ ഞാൻ അങ്ങോട്ട്.

"ആയിക്കോട്ടെ" അമ്മയും പറഞ്ഞു ഉമ്മറത്തിന്ന് എണീറ്റ് നേരെ ബാലന്റെ മുറിയിലേക്ക് ഭവാനി മെല്ലെ നടന്നു നീങ്ങി.

ഓരോന്നും നോക്കി മെല്ലെ കട്ടിലിൽ ഇരുന്ന് പതിയെ ഉറങ്ങിപ്പോയി.

# EDITORIAL BORD



**NAJA FATHIMA P ( CHIEF)**

**FATHIMATH AFNIDA P P**

**VYDURYA DAS E**

**AHALYA D**

**AMINA N P**